(ബി) പരിഗണിക്കാവുന്നതാണ്.

(സി) ഇല്ല.

(ഡി) 400 രൂപ മാസവരുമാനം.

(ഇ) റേഷൻ കാർഡിലെ വരുമാനം ഗൈഡ്‌ലൈൻ ആയി എടുക്കാൻ സാദ്ധ്യമല്ല.

കടൽ ഭിത്തി കെട്ടുന്നതിനുള്ള മാനദണ്ഡം

*507 [539] ശ്രീ. ടി.വി. വിജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കടൽ ഭിത്തി ഇല്ലാത്ത ഭാഗങ്ങളിൽ പുതിയതായി കെട്ടുന്നതിനും തകർന്ന കടൽഭിത്തി വീണ്ടും കെട്ടുന്നതിനും പ്രത്യേക മാനദണ്ഡങ്ങളുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അവ എന്തെല്ലാം എന്നു വിശദീകരിക്കുമോ?

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ, ബി) രൂക്ഷമായി കടലാക്രമണം ഉണ്ടായിക്കൊണ്ടിരിക്കുന്ന കടലോരത്ത് കേരള എഞ്ചിനിയറിംഗ് റിസർച്ച് വിഭാഗത്തിന്റെ സാങ്കേതിക പഠനത്തിനുശേഷം, കോസ്റ്റൽ ഇറോഷൻ വിഭാഗത്തിന്റെ നിർദ്ദേശപ്രകാരം വെള്ളപ്പൊക്ക നിയന്ത്രണ സാങ്കേതിക ഉപദേശക സമിതിയുടെ അംഗീകാരത്തോടുകൂടി പുതിയതായി കടൽ ഭിത്തികൾ പണിയുന്നു. കടൽ ഭിത്തികളുടെ കേടുപാടുകൾ പണത്തിന്റെ ലഭ്യതയനുസരിച്ചും നടത്തുന്നു.

ക്ഷേണസാധനങ്ങളിൽ മായം ചേർക്കൽ തടയാൻ നടപടി

*508 [540] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെയും മറ്റ് ജില്ലാ ആസ്ഥാനങ്ങളിലെയും ക്ഷേണശാലകളിൽ ക്ഷേണത്തിൽ മായം ചേർക്കുന്നത് തടയുന്നതിന് ഗവൺമെന്റ് എന്തു നടപടി കൈക്കൊണ്ടിട്ടുണ്ട്;

(ബി) ഹോട്ടലുകളിലും ചെറിയ ചായക്കടകളിലും ഗവൺമെന്റ് നിരോധിച്ച ചില ക്ഷേണസാധനങ്ങൾ ഉപയോഗിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഇത്തരം നിരോധിച്ചിട്ടുള്ള ക്ഷേ്യ സാധനങ്ങൾ ഉപയോഗിക്കാതിരിക്കാൻ ഗവൺമെന്റ് അടിയന്തിര നടപടി കൈക്കൊള്ളുമോ;

(ഡി) നിരോധിച്ചിട്ടുള്ള സാധനങ്ങൾ ഉപയോഗിക്കുന്നത് തടയാൻ ഒരു പ്രത്യേക ഇൻസ്പെക്ഷൻ സ്കാഡ് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി):

(എ) തിരുവനന്തപുരം നഗരത്തിലും വയനാട് ഒഴികെയുള്ള ജില്ലാ ആസ്ഥാനങ്ങളിലും ഉള്ള നഗരങ്ങളിൽ ആഹാര സാധനങ്ങളിൽ മായം ചേർക്കുന്നത് തടയാൻ നിയമപ്രകാരം അധികാരപ്പെടുത്തിയ ഫുഡ് ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) നഗരങ്ങളിൽ പ്രത്യേക സ്ക്വാഡ് നിലവിലില്ല. ആരോഗ്യ വകുപ്പിൽ ഇതിനായി ഒരു സ്ക്വാഡ് ഉണ്ട്. നഗരങ്ങളിൽ അവയിലെ ഹെൽത്ത് വിഭാഗക്കാരും വിജിലൻസ് വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തുന്നുണ്ട്.

പുനർ നിയമനം നൽകിയ എ. ഇ. ഒ. മാർ

*509 [541] ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീം കോടതി വിധിപ്രകാരം പുനർ നിയമനം നൽകിയ എ. ഇ. ഒ.മാർക്ക് അധികാര വികേന്ദ്രീകരണം അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ നമ്പരും തീയതിയും വ്യക്തമാക്കാമോ;

(ബി) ഉത്തരവു പുറപ്പെടുവിച്ചില്ലെങ്കിൽ എ.ഇ. ഒ.മാരായി ജോലി ചെയ്ത ഇവരുടെ സേവനം വേണ്ട വിധം ഉപയോഗപ്പെടുത്താൻ ആവശ്യമായ ഉത്തരവു പുറപ്പെടുവിക്കുമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ, ബി) സുപ്രീം കോടതി വിധിപ്രകാരം പുനർ നിയമനം നൽകിയ എ. ഇ. ഒ. മാരെ അഡീഷണൽ എ. ഇ. ഒ. മാരായി നോൺ ഗസറ്റഡ് തസ്തികകളിലാണ് നിയമിച്ചിട്ടുള്ളത്. ഇവർക്ക് ഒരു വിദ്യാഭ്യാസ ഉപജില്ലയുടെ സ്വതന്ത്ര ചാർജ് നൽകിയിട്ടില്ല. പ്രിൻസിപ്പൽ എ. ഇ. ഒ.മാരെ (ഗസറ്റഡ്) ഭരണപരമായ കാര്യങ്ങളിലും അക്കാഡമിക് കാര്യങ്ങളിലും സഹായിക്കുക എന്ന ജോലി അവർക്കു നൽകിയിട്ടുണ്ട്. ഇതിനായി പ്രത്യേകം ഉത്തരവ് എന്തെങ്കിലും പുറപ്പെടുവിക്കേണ്ട ആവശ്യമുള്ളതായി ഗവൺമെന്റ് കരുതുന്നില്ല.

കാഷ്വൽ ലേബറേഴ്സിനെ സ്ഥിരപ്പെടുത്തണമെന്ന സുപ്രീം കോടതി നിർദ്ദേശം

*510 [542] ശ്രീ. മണിമംഗലത്തു കുട്ട്യാലി:
,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:
,, കെ. സി. ജോസഫ്:
,, ബെന്നി ബഹനാൻ:
,, പി. പി. തങ്കച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറു മാസത്തിൽ കൂടുതൽ സ്ഥിരം തസ്തികയിൽ കാഷ്വൽ ലേബറായി ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന് സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിർദ്ദേശം വാട്ടർ അതോറിട്ടിയിൽ നടപ്പിലാക്കുന്നതിന് എന്തെങ്കിലും നിയമ തടസ്സമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly